(എഫ്) ട്രെയിനികൾക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ജി) ഇവർക്ക് ട്രെയിനിംഗ് സമയത്ത് ഫീൽഡ് ട്രെയിനിംഗിന് പോകുമ്പോഴ ടി. എ. കൊടുക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്യുകയും പ്രീസർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്ത എല്ലാവരെയും വി. ഇ. ഒ. മാരായി നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അല്ല.

(ഡി) ഭരണപരമായ ആവശ്യകത

(ഇ) നിർവ്വാഹമില്ല.

(എഫ്) സാദ്ധ്യമല്ല.

(ജി) ട്രെയിനിംഗ് കാലത്ത് ട്രെയിനികളെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട് ടി. എ. കൊടുക്കാൻ നിർവ്വാഹമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

ശ്രീമതി കെ.ആർ. ഗൗരി : സർ, ഞാൻ ഒരു അടിയന്തിരപ്രമേയം 9.30 a.m. കൊണ്ടുവന്നിരുന്നു. കഴിഞ്ഞ ദിവസം ചേർത്തലയിൽ നടന്ന ഒരു സംഭവത്തെ സംബന്ധിച്ചാണ്. ഞാൻ ഒരു സബ്മിഷനും കൊടുത്തിരുന്നു. വിവരം ശേഖരിച്ചിട്ട് പറയാമെന്നല്ലാതെ മറ്റ് മറുപടിയൊന്നും തന്നില്ല. സബ്മിഷനുശേഷം ഞാൻ ചേർത്തലയിൽ പോയി അതേക്കുറിച്ച് അന്വേഷിച്ചു. പിന്നീടാണ് അടിയന്തിരപ്രമേയം കൊടുത്തത്. ആ അടിയന്തിരപ്രമേയം മുഖ്യമന്ത്രിയുടെ കയ്യിലുണ്ട്. ചേർത്തലയിൽ നടന്ന പോലീസുകാരുടെ വിക്രിയകളും അതിനോടനുബന്ധിച്ച് അവിടെ നടന്നതായിട്ടുള്ള സ്ഥിതിവിശേഷത്തേയും സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി തരണം.

(ബഹളം)

ഡെപ്യൂട്ടി സ്പീക്കർ : അടിയന്തിരപ്രമേയത്തിൽ വന്ന ഈ വിഷയത്തെക്കുറിച്ച് 12-ാം തീയതിതന്നെ ബഹുമാനപ്പെട്ട മെമ്പർ ഒരു സബ്മിഷൻ സമർപ്പിച്ചിരുന്നു. അത് മുഖ്യമന്ത്രി അന്ന് വിവരം ശേഖരിച്ച് പിറ്റേ ദിവസം പറയാമെന്നു പറഞ്ഞിരുന്നു. പിറ്റേ ദിവസം മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറായിവന്നിരുന്നു. പക്ഷേ അന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ സീറ്റിൽ ഇല്ലായിരുന്നതുകൊണ്ട് അത് പറയാൻ സാധിച്ചില്ല. ഇപ്പോൾ അതിന് അടിയന്തിര സ്വഭാവമില്ലാത്തതുകൊണ്ട്, സബ്മിഷൻ മുഖേന ഉന്നയിച്ചതുമാണ്—അടിയന്തിരപ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിച്ചു.

(ബഹളം)

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീകർ : ചെയർറൂളിംഗ് നല്കിയ കാര്യത്തെക്കുറിച്ച് ഇനി രണ്ടാമതൊരു പോയിന്റ് ഓഫ് ഓർഡർ അനുവദിക്കില്ല. ഒരു സബ്മിഷൻ മുഖേന ഉന്നയിച്ച കാര്യം രണ്ട് ദിവസം കഴിഞ്ഞ് അടിയന്തിരപ്രമേയമാക്കികൊണ്ടുവരുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly